(സി) സർക്കാർ വിവിധ സ്രോതസ്സുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ തിരിച്ചടവ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് കൃത്യസമയത്തുതന്നെ നിർവ്വഹിക്കുവാൻ സാധിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2010 വരെയുള്ള കാലയളവിൽ 7021.15 കോടി രൂപയുടെ പൊതുകടം തിരിച്ചടച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പൊതുകടം

158 (224) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര കോടി രൂപയാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റ 2006-07 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായിരുന്നു ; ഇപ്പോൾ കടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാനത്തിന്റെ ആളോഹരി കടം ഇപ്പോൾ എത്ര രൂപയാണ് ;

(ഡി) വാണിജ്യ നികുതിയടക്കം വിവിധ നികുതി ഇനങ്ങളിൽ നിന്നായി ഈ സർക്കാരിന് ഇതുവരെ എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട് ;

(ഇ) സ്വർണ്ണ വിലയിലും ആവശ്യസാധന വിലയിലുമടക്കം ക്രമാതീതമായ വർദ്ധനവ് കഴിഞ്ഞ സാമ്പത്തികവർഷം (2009-10) ഉണ്ടായിട്ടും നികുതി വളർച്ചാനിരക്ക് മുൻവർഷത്തെ അപേക്ഷിച്ചു കുറയുകയുണ്ടായോ ; എങ്കിൽ അത് എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2010-11 ഒക്ടോബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 71748.50 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2006 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത 45929.05 കോടി രൂപയായിരുന്നു. 2011 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച കടബാദ്ധ്യതയിൽ 25819.45 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2001-ലെ സെൻസസിനെയും 2009-10-ലെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകളെയും അടിസ്ഥാനപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ ആളോഹരി കടം 32,288.43 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ വകുപ്പുകളിൽ നിന്നായി നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വകുപ്പുകൾ		രൂപ കോടിയിൽ
1	വാണിജ്യ നികുതി വകുപ്പ് *	2009 മാർച്ച് വരെ	3777.26
2	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	2010 നവംബർ വരെ	3750
3	ലാന്റ് റവന്യൂ	2010 നവംബർ വരെ	112.91
4	മോട്ടോർ വെഹിക്കിൾസ് (കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ)	2010 മാർച്ച് വരെ	278.37
5	സ്റ്റേറ്റ് എക്സൈസ്	2010 നവംബർ വരെ	163.94
6	രജിസ്ട്രേഷൻ	2010 നവംബർ വരെ	1.39
		ആകെ	8083.87

പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് 31-12-2010 വരെ സർക്കാർ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഈ കാലാവധി കഴിഞ്ഞാൽ മാത്രമേ വാണിജ്യ നികുതിയിനത്തിൽ കുടിശ്ശിക നിൽക്കുന്ന തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

(ഇ) സ്വർണ്ണത്തിന് കോമ്പൗണ്ടിംഗ് രീതിയിലാണ് നികുതി കണക്കാക്കുന്നത്. വാറ്റിനങ്ങളിലെ മൊത്തം നികുതി പിരിവിന്റെ ചെറിയൊരു ശതമാനം മാത്രമാണ് അവശ്യ സാധനങ്ങളിൽനിന്നും ലഭിക്കുന്ന നികുതി. നികുതി നിരക്കാണെങ്കിൽ 1 മുതൽ 4 ശതമാനം വരെ മാത്രമാണ്. മുൻകൊല്ലത്തെ അപേക്ഷിച്ച് സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി 2009-10-ൽ വാണിജ്യ നികുതിയിനത്തിൽ 12.25 ശതമാനം മാത്രമാണ് വളർച്ച നേടിയിട്ടുള്ളത്. 2008-09 കാലയളവിൽ വളർച്ചാ നിരക്ക് 21 ശതമാനമായിരുന്നു.

* 2009 മാർച്ച് 31 വരെയുള്ള കുടിശ്ശികയാണ് 3777.26 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly